മംഗളം

8 December 2016

# പായൽ ഭീഷണിക്ക് പരിഹാരവുമായി കൃഷിവിജ്ഞാന കേന്ദ്രം

കൊച്ചി: കുളങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് ഭീഷണിയായി വളരുന്ന പായൽ നിർമാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതിയുമായി സി.എം.എഫ്.ആർ.ഐ യുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രം (കെ.വി.കെ) രംഗത്ത്. കുളങ്ങളിൽ മീനുകളെ നിക്ഷേപിച്ചാണ് പായൽ നശിപ്പിക്കുന്നത്. പായലുകളും കുളസസ്യങ്ങളും ഭക്ഷണമാക്കുന്ന ഗ്രാസ്സ് കാർപ്പ് മത്സ്യയിനമാണ് കെ.വി.കെയിലെ വിദഗ്ധരുടെ മേൽനോട്ടത്തിൽ കുളങ്ങളിൽ വളർത്തുന്നത്. പായൽ ക്രമാതീതമായി നിറഞ്ഞുനിൽക്കുന്നത് കുളങ്ങളുടെ ആവാസവ്യവസ്ഥയിൽ മാറ്റം വരുത്തുകയും കുളങ്ങൾ ഉപയോഗശൂന്യമാകുകുയും ചെയ്യുന്ന സാഹചര്യത്തിലാണ് കെ.വി.കെയുടെ പദ്ധതി ശ്രദ്ധേയമാകുന്നത്. പായൽ നശിപ്പിക്കുന്നതോടെ ഇത്തരം ജലാശയങ്ങളുടെ ആവാസവ്യവസ്ഥ സംരക്ഷിക്കാനാകും.

